# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 17

# വാർത്താക്കുറിപ്പ്

## എം.ജി. ഏകജാലകം; മൂന്ന് ദിവസംകൊണ്ട് യു.ജി.ക്ക് രജിസ്റ്റർ ചെയ്തത് 36,521 പേർ

**- പി.ജി.ക്ക് ഇതുവരെ രജിസ്റ്റർ ചെയ്തത് 7,561 പേർ**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കോളേജുകളിൽ ബിരുദപ്രവേശനത്തിന് ക്യാപ് വെബ്സൈറ്റിലൂടെ മൂന്നുദിവസം കൊണ്ട് രജിസ്റ്റർ ചെയ്തത് 36,521 പേർ. യു.ജി.ക്കും പി.ജി.ക്കും പെൺകുട്ടികളാണ് കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. 23,283 പെൺകുട്ടികളും 13,234 ആൺകുട്ടികളും നാല് ഭിന്നലിംഗക്കാരും രജിസ്റ്റർ ചെയ്തതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. 3,75,549 ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബിരുദാനന്തര ബിരുദ പ്രവേശനത്തിന് 7,561 പേരാണ് രജിസ്റ്റർ ചെയ്തത്. 6,625 പെൺകുട്ടികളും 936 ആൺകുട്ടികളും രജിസ്റ്റർ ചെയ്തു. 48,538 ഓപ്ഷനുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് പി.ജി. രജിസ്ട്രേഷനും UGCAP എന്ന ലിങ്കിൽ പ്രവേശിച്ച് ബിരുദ രജിസ്ട്രേഷനും നടത്താവുന്നതാണ്. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും പട്ടികജാതി/പട്ടികവർഗ (എസ്.സി/എസ്.ടി) /സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ (എസ് ഇ ബി സി)/ മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ (ഇ ബി എഫ് സി) എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മന്റ് നടത്തും.

പി.ജി.ക്ക് മെയ് 25 ന ഉച്ചയ്ക്ക് രണ്ടുവരെ രജിസ്ട്രേഷൻ നടത്താം. ബിരുദത്തിന് മെയ് 27ന് വൈകീട്ട് നാലുവരെയാണ് രജിസ്ട്രേഷൻ.

(പി.ആർ.ഒ./39/868/2019)

## എം.ജി. സർവകലാശാല എൻ.എസ്.എസ്. അവാർഡുകൾ പ്രഖ്യാപിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ 2018-19 വർഷത്തെ എൻ.എസ്.എസ്. അവാർഡുകൾ പ്രഖ്യാപിച്ചു. ഏറ്റവും മികച്ച കോളേജിനും പ്രോഗ്രാം ഓഫീസർക്കും എൻ.എസ്.എസ്. ഫ്രണ്ട്ലി പ്രിൻസിപ്പലിനുമുള്ള മോസസ് ട്രോഫിയും അവാർഡുകളും തേവര എസ്.എച്ച്. കോളേജിനാണ്. തേവര എസ്.എച്ച്. കോളേജിലെ പ്രോഗ്രാം ഓഫീസർ ഡോ. രമ്യ രാമചന്ദ്രനാണ് ഏറ്റവും മികച്ച പ്രോഗ്രാം ഓഫീസർ. ഫാ. ഡോ. പ്രശാന്ത് പേഴക്കപ്പള്ളിയാണ് മികച്ച എൻ.എസ്.എസ്. ഫ്രണ്ട്ലി പ്രിൻസിപ്പൽ.

എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, സെന്റ് മേരീസ് കോളേജ് മണർകാട്, ബസേലിയസ് കോളേജ് കോട്ടയം, മാർ അത്തനേഷ്യസ് കോളേജ് കോതമംഗലം, എസ്.എ. എസ്.എൻ.ഡി.പി. യോഗം കോളേജ് കോന്നി, എം.ഇ.എസ്. കോളേജ് നെടുങ്കണ്ടം, മാർ സ്ലീവാ കോളേജ് മുരിക്കാശ്ശേരി എന്നീ കോളേജുകൾ മികച്ച കോളേജിനുള്ള അവാർഡ് കരസ്ഥമാക്കി. ഡോ. അജിത് ജയിംസ് ജോസ് (എസ്.ബി. കോളേജ് ചങ്ങനാശ്ശേരി), ടോണി ഫ്രാൻസിസ് (സെന്റ് മേരീസ് കോളേജ് മണർകാട്), തോമസ് കുരുവിള (ബസേലിയസ് കോളേജ് കോട്ടയം), പ്രൊഫ. ആൻ ജോർജ് (മാർ അത്തനേഷ്യസ് കോളേജ്

കോതമംഗലം), ഡോ. പ്രിയ സേനൻ (എസ്.എ. എസ്.എൻ.ഡി.പി. യോഗം കോളേജ് കോന്നി), കെ.എ. റമീണ (എം.ഇ.എസ്. കോളേജ് നെടുങ്കണ്ടം), ദീപക് ജോസഫ് (മാർ സ്ലീവാ കോളേജ് മുരിക്കാശ്ശേരി) എന്നിവർക്കാണ് മികച്ച പ്രോഗ്രാം ഓഫീസർമാർക്കുള്ള അവാർഡ്.

സർവകലാശാലയിലെ മികച്ച പുരുഷ വോളണ്ടിയർമാരായി ഗോകുൽ സി. ദിലീപ് (സെന്റ് മേരീസ് മണർകാട്), അരുൺ ടോമി (ന്യൂമാൻ കോളേജ് തൊടുപുഴ), പി.പി. നിധീഷ് (ബസേലിയസ് കോളേജ് കോട്ടയം), ജിബിൻ ബാബു (എസ്.ബി. കോളേജ് ചങ്ങനാശ്ശേരി) എന്നിവരെ തെരഞ്ഞെടുത്തു. മികച്ച വനിതാ വോളണ്ടിയർമാരായി റിയ മോൾ (എസ്.ബി. കോളേജ് ചങ്ങനാശ്ശേരി), ഹരിത തോമസ് (സി.എം.എസ്. കോളേജ്, കോട്ടയം), കെ.യു. കീർത്തന (എസ്.എച്ച്. കോളേജ് തേവര), കെ.ബി. ലക്ഷ്മി (ബസേലിയസ് കോളേജ് കോട്ടയം) എന്നിവരെ തെരഞ്ഞെടുത്തു.

പ്രശംസപത്രത്തിന് അർഹരായ കോളേജുകളും പ്രോഗ്രാം ഓഫീസർമാരും: സെന്റ് ആൽബർട്സ് എറണാകുളം - ഡോ. മധുസൂദനൻ, ശാന്തിഗിരി കോളേജ് വഴിത്തല - ജെയിംസ് മാത്യു, എം.ഇ.എസ്. കോളേജ് മാറമ്പള്ളി - ഡോ. പി.എം. ജാസ്മിൻ, നിർമ്മല കോളേജ് മൂവാറ്റുപുഴ - ഡോ. നിബു തോംസൺ, ബി.എ.എം. കോളേജ് തുരുത്തിക്കാട് - എൻസ് മാത്യൂസ്, അൽ-അമീൻ കോളേജ് എടത്തല - അബ്ദുൾസലാം, എസ്.എൻ.എം. മാല്യങ്കര - സി.പി. സുനിൽകുമാർ, ബി.കെ. കോളേജ് അമലഗിരി - ദിയ ഫിലിപ്പ്. പ്രശംസപത്രത്തിന് അർഹരായ വോളണ്ടിയർമാർ: കെ.ബി. ജോസഫ്, നിഖിൽ പി. ജോർജ്, അലൻ ഫ്രാൻസിസ്, അമൽ ശ്രീനിവാസൻ, സോണറ്റ് കെ. സൈമൺ, പി.യു. അമൃത, അമിഷ ജോയ്, കെ.ആർ. പ്രിയ, എം.ആർ. അഭിരാമി, കെ.എ. അഖിലദേവി, ലാമിയ സയ്യിദ, ടി.ഇ. അസ്ബ ബീവി, അന്ന സി. സെബി, ഡെല്ല ടോയൻ.

വൈസ് ചാൻസലർ അധ്യക്ഷനായ അവാർഡ് നിർണയ സമിതിയാണ് പുരസ്കാര ജേതാക്കളെ തെരഞ്ഞെടുത്തതെന്ന് എൻ.എസ്.എസ്. പ്രോഗ്രാം കോ ഓർഡിനേറ്റർ പ്രൊഫ. എം.ജെ.മാത്യു അറിയിച്ചു.

(പി.ആർ.ഒ./39/869/2019)

## പരീക്ഷ തീയതി

മൂന്നാം വർഷ ബി.എസ്‌സി. എം.എൽ.ടി. (2008 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ ഏഴിന് ആരംഭിക്കും. പിഴയില്ലാതെ മെയ് 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/870/2019)

ബി.എച്ച്.എം. (ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ്) എട്ടാം സെമസ്റ്റർ (2015 അഡ്മിഷൻ റഗുലർ/2013, 2014 അഡ്മിഷൻ സപ്ലിമെന്ററി, പഴയ സ്കീം - 2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ ഏഴിനും നാലാം സെമസ്റ്റർ (2017 അഡ്മിഷൻ റഗുലർ/2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 11നും രണ്ടാം സെമസ്റ്റർ (2018 അഡ്മിഷൻ റഗുലർ/2013-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 18നും ആരംഭിക്കും. പിഴയില്ലാതെ മെയ് 22 വരെയും 500 രൂപ പിഴയോടെ 23 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/871/2019)

## എം.ബി.എ. സൂക്ഷ്മപരിശോധന

2018 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ. (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ വിവിധ വിഷയങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ മെയ് 21, 22 തീയതികളിൽ സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ ഇ.ജെ. 8 സെക്ഷനിൽ (റൂം നമ്പർ 226) അസൽ ഹാൾടിക്കറ്റ്/തിരിച്ചറിയൽ രേഖകളുമായി നേരിട്ട് ഹാജരാകണം.

(പി.ആർ.ഒ./39/872/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് (സോഷ്യൽ സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/873/2019)

2019 ജനവരിയിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ ജനറൽ സോഷ്യൽ സയൻസസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/874/2019)

2019 ജനുവരിയിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.ടി.എം. (മാനേജ്മെന്റ് സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/875/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ